"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-2022-23 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയ, "കേരള ടൂറിസം വെബ്സൈറ്റ് സിൽവർ ജൂബിലി ഇയർ-2023-ക്രിയേഷൻ ഓഫ് തീം സോംഗ് & പ്രൊമോഷണൽ മൂവി" എന്ന പദ്ധതിയുടെ ചെലുകൾ 2025-26 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്നും നിർവഹിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.382/2025/TSM തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-
1. സ.ഉ(കൈ)നം.3/2019/ടൂറിസം തീയതി 03.11.2022
2. 03.11.2022 തീയതിയിലെ സ.ഉ.(സാധാ) നം 386/2022/TSM
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 19.05.2025 തീയതിയിലെ DOT/3367/2024-M3 നം കത്ത്.

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ സിൽവർ ജൂബിലിയുമായി ബന്ധപ്പെട്ട് തീം സോഗ്, പ്രൊമോഷണൽ വീഡിയോ എന്നിവ ചിത്രീകരിക്കുന്നതിനായി , "കേരള ടൂറിസം വെബ്സൈറ്റ് സിൽവർ ജൂബിലി ഇയർ-2023-ക്രിയേഷൻ ഓഫ് തീം സോംഗ് & പ്രൊമോഷണൽ മൂവി" എന്ന പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം 50,97,600/- രൂപ (അൻപത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അറുന്നൂറ് രൂപ മാത്രം), 3452-80-104-98-00-34-03-MARKETING (P) ശീർഷകത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു ഉത്തരവായിരുന്നു.

2. പ്രസ്തുത പദ്ധതി നിലവിൽ പൂർത്തീകരിക്കുകയും വിനോദസഞ്ചാര

വകുപ്പിന്റെ പുതിയ തീം സോങ് പ്രകാശനം **2025** മാർച്ച് **25**ന് നിർവഹിക്കുകയും അന്നേ ദിവസം തന്നെ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലും, യു ട്യൂബ് ചാനലിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേരളത്തിന്റെ ദേശ-സംസ്കാര-ഭൂവൈവിദ്ധ്യങ്ങൾ വ്യക്തമാക്കുന്ന നൂറുകണക്കിന് ദൃശ്യങ്ങൾ ഉൾ പ്പെടുത്തേണ്ടിയിരുന്നതിനാൽ **2022-23** സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താമസം നേരിട്ടിരുന്നു എന്നും, ഇതു പരിഗണിച്ച് ടി പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയ ഉത്തരവ് പുതുക്കി നൽകണമെന്നും പരാമർശം**(3)** പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. *"കേരള ടൂറിസം വെബ്സൈറ്റ് സിൽവർ ജൂബിലി ഇയർ-2023-ക്രിയേഷൻ ഓഫ് തീം സോംഗ് & പ്രൊമോഷണൽ മൂവി"* എന്ന പദ്ധതി പൂർത്തീകരിക്കുന്നതിന് നേരിട്ട കാലതാമസം പരിഗണിച്ചു , പ്രസ്തുത പദ്ധതിയുടെ ചെലവുകൾ പരാമർശം **(2)** പ്രകാരം ഭരണാനുമതി നൽകിയിരുന്ന **50,97,600/-** രൂപയ്ക്കുള്ളിൽ നിജപ്പെടുത്തി, പദ്ധതിയുടെ ഘടകങ്ങൾക്ക് യാതൊരു മാറ്റവും വരുത്താതെ , **3452-80-104-98-00-34-03-MARKETING (P) ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ(2025-26) വിഹിതത്തിൽ നിന്നും, നിർവഹിക്കാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.** പ്രസ്തുത തുക കിഴിച്ചു മാത്രം നടപ്പ് സാമ്പത്തിക വർഷം മറ്റ് പദ്ധതികൾക്കുള്ള ശിപാർശകൾ സമർപ്പിക്കുവാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**4.** ഈ പദ്ധതി നടപ്പാക്കിയപ്പോൾ പരാമർശം **(1)** പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, പദ്ധതി ഇനങ്ങൾ നടപ്പാക്കിയ വ്യക്തമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് 2), കേരള,
തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
ടൂറിസം (എ) വകപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 26-06-2025 16:56:34

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്